**ഉപസംഹാരം**

നമ്മുടെ രാജ്യം കൃഷിയെയും കൃഷിക്കാരെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഈ നിയമം നമ്മുടെ നാടിനെയും വളരെയേറെ ബാധിക്കും. നാം കഴിക്കുന്ന അരിയും, ഗോതമ്പും മുതൽ ഉള്ളിയും ഉരുളകിഴങ്ങും വരെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണ്. കാർഷിക വിളകളുടെ വില സംബന്ധിച്ച് ചൂഷണത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുമെന്നാണ് പ്രൈസ് അഷ്വറൻസ് ബില്ലിലെ വാഗ്ദാനമെങ്കിലും വില ഉറപ്പാക്കാനുള്ള സംവിധാനത്തെപ്പറ്റി നിയമത്തിൽ എടുത്ത് പറയുന്നില്ലായെന്നും ഒരു ആരോപണമുണ്ട്. ഇത് കർഷകരെ ചൂഷണം ചെയ്യാൻ കോർപ്പറേറ്റ് കമ്പനികളെ പ്രേരിപ്പിക്കും എന്നുള്ളത് വാസ്തവം തന്നെയാണ്.

കാർഷിക പാരമ്പര്യമുള്ള നമ്മുടെ രാജ്യം ഇന്ന് നമ്മുടെ അന്നദാതാക്കളായ കൃഷിക്കാരുടെ ജീവിതങ്ങൾക്ക് മുന്നിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു. ഈ സമയം നാം അണിചേരണം, ശബ്ദമുയർത്തണം, ഈ നിയമത്തെ എതിർക്കണം. നമ്മുടെ കൃഷിക്കാരോടുള്ള ആദരവിനൊപ്പം കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി അണിചേരൂ....ശബ്ദമുയർത്തൂ....നമ്മുടെ കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കൂ.....

*തയ്യാറാക്കിയത് :*

**മീനു റോസ് എബി,**
**പ്രോജക്ട് കോഡിനേറ്റർ**

**ചൈൽഡ് ലൈൻ തിരുവനന്തപുരം**

*കുട്ടികൾക്ക് അവരുടെ വിഷമ ഘട്ടങ്ങളിൽ 1098 എന്ന സൗജന്യ നമ്പറിൽ വിളിച്ച് സേവനം ഉറപ്പാക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ദേശീയ വികസന പദ്ധതി.*

*Jeeva Jyothi Offset Press Tvm Phone. 0471 2311620*

**ഫെബ്രുവരി 2021** **ലക്കം 2**

# ഉണർവ്വ്
## പഠനപത്രിക

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി

## *" കാർഷിക നിയമം "*

**ആമുഖം**

ഇന്ന് സാമൂഹ്യ മാധ്യമങ്ങളിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണല്ലോ കാർഷിക നിയമം. മുതലാളിത്ത കുത്തകയിൽ നിന്നും സാധാരണക്കാരനായ കർഷകരെ രക്ഷിക്കുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, വിളകൾക്ക് മികച്ച വില ഉറപ്പ് നൽകുന്നതിനും കേന്ദ്ര സർക്കാർ കൊണ്ടുവന്ന നയമാണ് കാർഷിക നിയമം

**1) എന്താണ് കാർഷിക നിയമം**

2020 സെപ്റ്റംബറിൽ നരേന്ദ്രമോദി സർക്കാർ കേന്ദ്ര മന്ത്രിസഭയിൽ പാസാക്കിയ ഒന്നിലധികം ബില്ലുകളിൽ ഒന്നാണ് കാർഷിക നിയമം 2020. കാർഷിക ബില്ലിലെ പ്രധാന മൂന്ന് നിയമങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

1) കാർഷിക ഉല്പന്ന വ്യാപാര വാണിജ്യ നിയമം
2) കർഷക ശാക്തീകരണ സംരക്ഷണ നിയമം 2020
3) ആവശ്യവസ്തു നിയമ ഭേദഗതി നിയമം

കാർഷിക വിളകൾക്ക് മികച്ച വിലഉറപ്പാക്കുവാനും ചൂഷണം ഒഴിവാക്കുവാനും സഹായിക്കുന്നതാണ് ഈ നിയമം എന്നാണ് കേന്ദ്ര സർക്കാർ അവകാശപ്പെടുന്നത്. ഉത്പാദനം മെച്ചപ്പെടുത്താൻ കൂടുതൽ മാർഗ്ഗങ്ങൾ സ്വീകരിക്കാനോ, വിളകൾക്ക് മികച്ച വില ലഭിക്കാനായി വിലപേശാനോ ശേഷിയില്ലാത്ത 80 % വരുന്ന ചെറുകിട കർഷകരെ സഹായിക്കുവാൻ ഈ നിയമത്തിനു സാധിക്കുമെന്ന് നരേന്ദ്രമോദി സർക്കാർ അവകാശപ്പെടുന്നു. പ്രതിപക്ഷ പാർട്ടികളുടെയും കർഷക സംഘടനകളുടെ ഈ നിയമത്തിന് എതിരെയുള്ള പ്രതിഷേധം പ്രതിപക്ഷ പാർട്ടികളും കർഷകസംഘടനകളും തുടർന്നുകൊണ്ടിരിക്കുകയാണ്.

**2) എന്തിനാണ് കർഷകർ ഈ നിയമത്തിനെതിരെ പ്രതിഷേധിക്കുന്നത്?**

കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി വിതരണം ചെയ്യുന്നതായിരുന്നു ഇതുവരെയുണ്ടായിരുന്ന രീതി. എന്നാൽ പുതിയ നിയമത്തിന്റെ വരവോടെ ഈ സംവിധാനം അവസാനിക്കുമെന്നാണ് ഉയരുന്ന ആരോപണം. കാർഷിക വിള വിപണന സമിതികളുടെ പരമ്പരാഗത ചന്തകൾക്ക് പുറത്ത് വിപണനം നടത്തുവാനും സംസ്ഥാനന്തര ഇടപാടുകൾ നടത്തുവാനും കർഷകർക്ക് സ്വാതന്ത്ര്യം നൽകുന്നതാണ് പുതിയ നിയമം എന്നാണ് സർക്കാർ അവകാശപ്പെടുന്നതെങ്കിലും, പതിറ്റാണ്ടുകളായി നിലവിലുള്ള താങ്ങുവില ഇല്ലാതെയാകുമെന്നാണ് കർഷക സംഘടനകളുടെ ആശങ്ക. താങ്ങുവിലയുടെ സമ്മർദ്ദം ഉള്ളതുകൊണ്ട് സ്വകാര്യ സംഭരണശാലകൾ കർഷകർക്ക് നല്ല വില നൽകാൻ നിർബന്ധിതരാകുന്നു. ഈ സാഹചര്യം ആണ് ഈ നിയമം മൂലം ഇല്ലാതെയാകുന്നത്. താങ്ങുവില ഇല്ലാതെയാകുന്നതിനോടു അനുബന്ധിച്ച പൊതുവിതരണ സംവിധാനം തകരുവാൻ സാധ്യതകൾ ഏറെയാണ്. കർഷകരുടെ ഉൽപന്നങ്ങളുടെ വിലയുടെ കാര്യത്തിൽ കർഷകരെ ചൂഷണത്തിൽ നിന്നു സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്യുമ്പോൾ വില നിർണ്ണയിക്കുവാനുള്ള സംവിധാനം നിർദ്ദേശിക്കുന്നുമില്ല. സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് അപ്രമാദിത്വം നൽകുന്നതിനാൽ കർഷകരുടെ ചൂഷണത്തിനു കാരണമാകുമെന്ന് കർഷക സംഘടനകൾക്ക് ആശങ്കയുണ്ട്.

ആവശ്യ വസ്തു നിയമഭേദഗതി നിയമം പ്രകാരം ആവശ്യസാധന നിയന്ത്രണ നിയമം എടുത്തു കളയുന്നതാണ് ഈ കാർഷിക നിയമത്തിൽ ആശങ്ക ജനിപ്പിക്കുന്ന മറ്റൊരു വസ്തുത! നിലവിൽ ആർക്കും ഒരു നിശ്ചിത പരിധിക്ക് മുകളിൽ ആവശ്യസാധനങ്ങൾ ശേഖരിച്ചുവയ്ക്കാൻ രാജ്യത്ത് അവകാശമില്ല. ആ ഭക്ഷ്യസാധനങ്ങൾ ആവശ്യത്തിലധികം വാങ്ങുവാനും പൂഴ്ത്തിവയ്ക്കുവാനും അവസരമുണ്ടാകും. ഇത് കരിഞ്ചന്തയും, വിലകയറ്റവും ഉൾപ്പെടെയുള്ളഅപകടകരമായ സ്ഥിതി വിശേഷം സൃഷ്ടിക്കാം. അതുപോലെ കാർഷിക ഉൽപ്പന്നങ്ങളുടെ വലിയ തോതിലുള്ള വിലകയറ്റത്തിനു ഈ നിയമ നിർമ്മാണം വഴിയൊരുക്കും. കോർപ്പറേറ്റുകൾക്ക് കാർഷിക മേഖലയെ കൊള്ളയടിക്കാൻ ഇത് അവസരമൊരുക്കുന്നു.

കാർഷിക ശാക്തീകരണ നിയമം 2020 പ്രകാരം കൃഷി ഇറക്കുന്നതിനു മുമ്പ് തന്നെ കർഷകർക്കും സംഭരണം നടത്തുവാൻ ഉദ്ദേശിക്കുന്നവർക്കും തമ്മിൽ കരാർ ഉണ്ടാക്കാം. അഞ്ചു വർഷം വരെ കാലാവധിയുള്ള കരാറിൽ ഏർപ്പെടാമെന്നതാണ് ഈ നിയമത്തിൽ ആശങ്ക ജനിപ്പിക്കുന്ന മറ്റൊരു വസ്തുത കോൺട്രാക്ട് ഫാമിംഗ് എന്നാണ് ഇതിനു പേരിട്ടിരിക്കുന്നത്. വൻകിട കോർപ്പറേറ്റ് കമ്പനികളുടെ കരാർ കൃഷിക്കാരായി കർഷകർ മാറും. ഇവർ പറയുന്ന വിലയ്ക്ക് പറയുന്ന ഭക്ഷണസാധനങ്ങൾ ഉത്പാദിപ്പിച്ചു കൊടുക്കുവാൻ കർഷകർ തയ്യാറാകണമെന്നാണ് വ്യവസ്ഥ. ഇതോടെ സാധാരണക്കാരായ കൃഷിക്കാരുടെ വില പേശൽ ശേഷി ഇല്ലാതെയാകുകയും കർഷകർ കോർപ്പറേറ്റുകളുടെ അടിമകളായി മാറുകയും ചെയ്യുന്നു. കർഷകർക്ക് പൂർണ്ണമായും കോർപ്പറേറ്റുകളെ ആശ്രയിക്കേണ്ട അവസ്ഥവരും. ലാഭം മാത്രമാകും വിളകൾ തിരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനം. നഗര കമ്പോളങ്ങൾ ലക്ഷ്യമിടുന്ന കൃഷിക്കാർക്ക് ആയിരിക്കും പ്രാമുഖ്യം. രാജ്യത്തിന്റെ ഭക്ഷ്യഉല്പാദനം ആർക്കുവേണ്ടിയാണെന്ന് കോർപ്പറേറ്റുകൾ തീരുമാനിക്കുവാൻ തുടങ്ങും. ഗ്രാമീണ മേഖലകളിലെ കാർഷിക തൊഴിലുകൾ നഷ്ടമാകുന്ന അവസ്ഥവരും. ഇതിന്റെ പ്രത്യാഘാതം വർദ്ധിച്ച് നഗരകുടിയേറ്റത്തിലേക്ക് നയിക്കും. ചെറുകിട കൃഷിക്കാരെയും കാർഷിക തൊഴിലാളികളെയും ഇത് സാരമായി ബാധിക്കും.